കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - വിനോദ നികുതി - വയനാട് ജില്ലയിൽ കൽപ്പറ്റ നഗരസഭയിൽ വയനാട് അഗ്രി-ഹോർട്ടി കൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2011 ഫെബ്രുവരി 5 മുതൽ 20 വരെ നടന്ന ''വയനാട് ഫ്ളവർഷോ 2011'' നെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായത്- നികുതി ഇളവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സഉ(സാധ)നം.2735/2012/തസ്വഭവ തീയതി, തിരുവനന്തപുരം 29/09/2012

പരാമർശം 1) സഉ(സാധ)നം.1673/2011/തസ്വഭവ, തീയതി 13/07/2011
2) നഗരകാര്യ ഡയറക്ടറുടെ 10/09/2012 ലെ ജി.7/514/12 നം കത്ത്
3) കൽപ്പറ്റ നഗരസഭ സെക്രട്ടറിയുടെ 31/12/11 ലെ ആർ.2-1170/11 നം കത്ത്

## ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം വയനാട് ജില്ലയിൽ കൽപ്പറ്റ നഗരസഭയിൽ വയനാട് അഗ്രി-ഹോർട്ടി കൾച്ചറൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ നഗരസഭ ബൈപാസിന് സമീപം 2011 ഫെബ്രുവരി 5 മുതൽ 20 വരെ നടത്തിയ ''വയനാട് ഫ്ളവർഷോ 2011'' നെ 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടൈൻമെന്റ് ടാക്സ് ആക്ട് '7എ' വകുപ്പ് പ്രകാരം വിനോദ നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിരുന്നു. പരാമർശം (2),(3) ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ ഉത്തരവ് പുന പരിശോധിച്ച് നികുതി ഇളവ് 50% ആയി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

മേൽ ഉത്തരവ് ഇപ്രകാരം നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.ആർ.ശ്രീലേഖ
അണ്ടർ സെക്രട്ടറി

1) നഗരകാര്യ ഡയറക്ടറർ, തിരുവനന്തപുരം
2) സെക്രട്ടറി, കൽപ്പറ്റ നഗരസഭ, കൽപ്പറ്റ. പി.ഒ, വയനാട്
3) ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
4) സെക്രട്ടറി, വയനാട് അഗ്രി-ഹോർട്ടി കൾച്ചറൽ സൊസൈറ്റി
5) ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ